# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 - 26

## ഗണിതം

ക്ലാസ് - 4 — സമയം : **2** മണിക്കൂർ **15** മിനിറ്റ്

കുട്ടിയുടെ പേര് : . . . . . . . . . . . . . . . . . . . . . . . .

വിദ്യാലയത്തിന്റെ പേര് : . . . . . . . . . . . . . . . . . . . . . . . .

ഡിവിഷൻ : . . . . . . . . . . . . . . . . . . . . . . . .

ടീച്ചറുടെ ഒപ്പ് : . . . . . . . . . . . . . . . . . . . . . . . .

രക്ഷിതാവിന്റെ ഒപ്പ് : . . . . . . . . . . . . . . . . . . . . . . . .

| ക്രമ നം. | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വരയ്ക്കാം കണ്ടെത്താം | |
| 2 | വരൂ സമ്മാനം നേടാം | |
| 3A | സംഖ്യയുണ്ടാക്കാം | |
| 3B | എത്രയെത്ര | |
| 4 | കാറോട്ടമത്സരം | |
| 5A | കളിയുപകരണങ്ങൾ | |
| 5B | ഓണം വന്നേ | |
| ഓവറോൾ ഗ്രേഡ് | | |

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 5 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതണം. പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- 3, 5 (ഉചിതമായ ചോദ്യനമ്പർ ചേർക്കുക) എന്നിവയിൽ ഓരോന്നിലും 2 പ്രവർത്തനങ്ങൾ വീതമുണ്ട്. അതിൽ **ഓരോന്നു വീതം** എഴുതിയാൽ മതി.

---

1. **പ്രവർത്തനം 1 വരയ്ക്കാം കണ്ടെത്താം**

സ്കൂളിൽ നിന്നും പ്രദർശനം കാണാനായി എത്തിയതാണ് മീരയും കൂട്ടുകാരും. അവിടെ കുട്ടികൾക്കായി പല മത്സരങ്ങളും ഉണ്ടായിരുന്നു. ചിത്രം വരയ്ക്കലായിരുന്നു ആദ്യം ഒരുക്കിയിരുന്നത്. അവർ അങ്ങോട്ടേക്കെത്തി. അവിടെ എഴുതിയിരുന്നത് നോക്കൂ.

വരൂ ചിത്രം വരയ്ക്കാം

a. വട്ടം, ചതുരം എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൂ.


© State Assessment Cell - SCERT Kerala

b. നിങ്ങൾ വരച്ച രൂപത്തിൽ എത്ര ചതുരങ്ങളുണ്ട്?

c. ചുവടെ തന്നിരിക്കുന്നതിൽ ചതുരത്തിൽ പ്രത്യേകത അല്ലാത്തതിന് 'X' അടയാളമിടുക.

1. 4 വശമുണ്ട്.
2. 4 മൂലയുണ്ട്.
3. എതിർ വശങ്ങൾ ഒരേ അളവല്ല.
4. എതിർ വശങ്ങൾ ഒരേ അളവാണ്.

d. വീണ വരച്ച ചിത്രമാണ് ചുവടെ തന്നിരിക്കുന്നത്. ഇതിൽ എത്ര ചതുരങ്ങളുണ്ട് ?




ചതുരത്തിന്റെ എണ്ണം

**2. പ്രവർത്തനം –2 A വരൂ... സമ്മാനം നേടാം**

പ്രദർശന നഗരിയുടെ അടുത്ത ഭാഗത്ത് ചില നിർദ്ദേശങ്ങൾ എഴുതിയ കടലാസ് വച്ചിട്ടുണ്ട്. അതിനനുസരിച്ച് സംഖ്യാസ്ടിപ്പിൽ സംഖ്യ ഉണ്ടാക്കി എഴുതിയാൽ സമ്മാനം കിട്ടും.


a. മീരയ്ക്ക് കിട്ടിയ കുറിപ്പുകൾ നോക്കൂ. അതിനനുസരിച്ച് സംഖ്യാസ്ടിപ്പിൽ എഴുതി സംഖ്യകണ്ടെത്തൂ.

3 നൂറ് 8പത്ത്
5 ആയിരം 4 ഒന്ന്



സംഖ്യ

4 ആയിരവും
3 പത്തും ചേർന്ന സംഖ്യ




സംഖ്യ


© State Assessment Cell - SCERT Kerala

25 നൂറ് 8 പത്ത്
4 ഒന്ന് ചേർന്ന സംഖ്യ

ഏറ്റവും ചെറിയ നാലക്ക സംഖ്യയെക്കാൾ
1 കുറഞ്ഞ സംഖ്യ



സംഖ്യ



സംഖ്യ

b. 2160 നെക്കുറിച്ച് ശരിയായത് ഏതാണ് ?

**a) 2 ആയിരവും 6 പത്തും**

**b) 2 ആയിരവും 60 പത്തും**


**c) 2 ആയിരവും 16 പത്തും**

**d) 2 ആയിരവും 16 നൂറും**

**പ്രവർത്തനം 2 B സംഖ്യയുണ്ടാക്കാം**

സാന്ദ്രയ്ക്ക് കിട്ടിയ സംഖ്യാകാർഡ് നോക്കൂ.

a) ചുവടെയുള്ള ഏതൊക്കെ സംഖ്യാസ്ട്രിപ്പുകൾ ചേർന്നാൽ സാന്ദ്രയുടെ കൈയ്യിലുള്ള കാർഡിലെ സംഖ്യയാകും?







© State Assessment Cell - SCERT Kerala

b) തന്നിരിക്കുന്ന സംഖ്യാസ്ട്രിപ്പുകൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ നാലക്ക സംഖ്യ എഴുതുക. [ ]

c) അബാക്കസിലെ ആയിരത്തിന്റെ സ്ഥാനത്തുനിന്നും ഒരു മുത്തെടുത്ത് പത്തിന്റെ സ്ഥാനത്തിടുക. ഇപ്പോൾ കിട്ടിയ സംഖ്യ എന്താണ്?




എന്റെ ഉത്തരം [ ]


d) അബാക്കസിലെ ആദ്യസംഖ്യയും ഇപ്പോഴത്തെ സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര? [ ]

e) അയ്യായിരത്തി എൺപത്തിമൂന്ന് ചുവടെ കൊടുത്തതിൽ ഏതുസംഖ്യയാണ്? ശരിയുത്തരത്തിന് '✓' അടയാളപ്പെടുത്തുക.

i. 5803 [ ] ii. 5830 [ ] iii. 5083 [ ] iv. 5038 [ ]

**പ്രവർത്തനം 3 എത്രയെത്ര?**

മൈതാനത്തൊരുക്കിയ പ്രദർശനം കാണാൻ ടിക്കറ്റെടുക്കാനായി കുട്ടികൾ വരിയായി നിന്നു. മീരയുടെ സ്ഥാനം മുന്നിൽ നിന്നും പിന്നിൽ നിന്നും എണ്ണിയപ്പോൾ പതിമൂന്നാമതാണ്.



a. വരിയിൽ എത്ര പേരുണ്ട്? [ ]

b. ആദ്യം നിന്ന മിത്രയ്ക്ക് കിട്ടിയ ടിക്കറ്റിലെ നമ്പർ 2789 ആണ്. അവസാനം നില്ക്കുന്ന സാന്ദ്രയ്ക്ക് കിട്ടുന്ന ടിക്കറ്റിലെ നമ്പർ എത്രയായിരിക്കും? [ ]

c. നില്ക്കാത്തവർക്കുള്ള ടിക്കറ്റിന് 2500 രൂപയായി. 500 ന്റെ നോട്ടുകളാണ് കൈയിൽ ഉള്ളത്. ടിക്കറ്റിന്റെ വിലയായി എത്ര നോട്ടുകൾ കൊടുക്കണം? [ ]

d. മനുവിന്റെ കൈയിലുള്ള സംഖ്യാകാർഡുകൾ നോക്കൂ.


**3468** **3648** **4368** **4863** **3864**

വലുതിൽ നിന്നും ചെറുതിലേക്ക് ക്രമപ്പെടുത്തിയപ്പോൾ ശരിയായി വച്ചതേത്? ശരിയുത്തരത്തിന് '✓' അടയാളമിടുക.


© State Assessment Cell - SCERT Kerala

| | | | | | | |
|---|---|---|---|---|---|---|
| i. | 4368 | 4863 | 3864 | 3468 | 3648 | ☐ |
| ii. | 4863 | 4368 | 3864 | 3648 | 3468 | ☐ |
| iii. | 4863 | 4368 | 3648 | 3864 | 3468 | ☐ |

e. ചുവടെയുള്ള ചിത്രപാറ്റേൺ നോക്കൂ.



തുടർന്നുവരുന്ന ചിത്രത്തിന് '✓' ചെയ്യുക



**പ്രവർത്തനം 4 കാറോട്ടമത്സരം**

മീരയും മിത്രയും കമ്പ്യൂട്ടറിൽ കാറോട്ട മത്സരം കളിക്കാൻ തുടങ്ങി. അവർക്ക് കിട്ടിയ പോയിന്റുകൾ നോക്കൂ.

| പേര് | റൗണ്ട് 1 | റൗണ്ട് 2 |
|---|---|---|
| മീര | 495 | 1805 |
| മിത്ര | 515 | 1685 |



a. ഓരോരുത്തർക്കും കിട്ടിയ ആകെ പോയിന്റ് എത്ര?

മീരയ്ക്കു കിട്ടിയ പോയിന്റ് ☐

മിത്രയ്ക്കു കിട്ടിയ പോയിന്റ് ☐

b. ആർക്കാണ് കൂടുതൽ പോയിന്റ് കിട്ടിയത്? ☐

എത്ര കൂടുതൽ ? ☐

c. പാറ്റേണിലെ അടുത്ത സംഖ്യയേത് ?

ചുവടെ തന്നതിൽ നിന്നും കണ്ടെത്തി എഴുതുക.

| 1000 | 1200 | 1450 | 1750 | ☐ |
|---|---|---|---|---|

i. 2000 ii. 2150 iii. 2050 iv. 2100

© State Assessment Cell - SCERT Kerala

**പ്രവർത്തനം 5 A** **കളിയുപകരണങ്ങൾ**

സ്കൂളിലേക്കാവശ്യമായ കളിയുപകരണങ്ങൾ വാങ്ങാനായി സ്പോർട്ട്സ് ക്ലബ് സെക്രട്ടറി മീരയും അധ്യാപകരോടൊപ്പം പോയി. 5500 രൂപയാണ് കൈയിലുള്ളത്.

| വിലവിവരപ്പട്ടിക | |
|---|---|
| ഇനം | വില (രൂപ) |
| ക്രിക്കറ്റ് ബാറ്റ്,ബോൾ | 1230 |
| കാരംബോർഡ് | 1300 |
| ഷട്ടിൽ ബാറ്റ്, കോക്ക് | 970 |
| ഹെൽമെറ്റ് | 1450 |
| ജേഴ്സി | 1050 |
| വോളിബോൾ നെറ്റ് | 860 |
| വോളിബാൾ | 1099 |



a) വില എഴുതി ആകെ കണ്ടെത്തുക.

| ഇനം | വില |
|---|---|
| ക്രിക്കറ്റ് ബാറ്റ്, ബോൾ | |
| ഷട്ടിൽ ബാറ്റ്, കോക്ക് | |
| കാരംബോർഡ് | |
| ആകെ | |




b) ബാക്കി എത്ര രൂപയുണ്ട് ?

c) ഇനി വാങ്ങാൻ കഴിയുന്നവ ഏതൊക്കെ?

| ഇനം | വില |
|---|---|
| | |

© State Assessment Cell - SCERT Kerala

**പ്രവർത്തനം 5 B ഓണം വന്നേ**

ഓണത്തിന് വസ്ത്രം വാങ്ങാൻ അച്ഛനും അമ്മയ്ക്കും ഒപ്പം ഭാഗ്യയും പോയി. 7000 രൂപയാണ് അവരുടെ കൈയിലുള്ളത്.

| വിലവിവരപ്പട്ടിക | |
|---|---|
| ഷർട്ട് | 900 രൂപ |
| പാന്റ്സ് | 1050 രൂപ |
| ലാച്ച | 1550 രൂപ |
| ചുരിദാർ | 1240 രൂപ |
| സാരി | 2100 രൂപ |
| T ഷർട്ട് | 950 രൂപ |



a) ഭാഗ്യക്കും അനിയനും വാങ്ങിയത് നോക്കൂ. ആകെ എത്ര രൂപയായി ?

| ഇനം | വില |
|---|---|
| ഷർട്ട് | 900 |
| പാന്റ്സ് | 1050 |
| ലാച്ച | 1550 |
| ആകെ | |

b) ബാക്കി തുക എത്ര ? ☐

c) അച്ഛന് T ഷർട്ടും അമ്മയ്ക്ക് സാരിയും വാങ്ങണം. ഇതിന് കൈയിലുള്ള പണം തികയുമോ?

| ഇനം | വില |
|---|---|
| | |
| ആകെ | |

d) ശരിയുത്തരത്തിന് '✓' ചെയ്യുക

തികയും ☐ തികയില്ല ☐

© State Assessment Cell - SCERT Kerala